"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കാസർഗോഡ് വികസന പാക്കേജ് - കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യ സുരക്ഷാമിഷൻ വഴി താത്കാലിക അടിസ്ഥാനത്തിൽ നിയമിതരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2023 ജൂൺ മുതൽ 10 മാസത്തെ വേതനകുടിശ്ശിക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.329/2024/P&EA തീയതി, തിരുവനന്തപുരം, 31-08-2024

പരാമർശം:-

1. സ.ഉ.(സാധാ) 139/2023/P&EA, തീയതി 31.03.2023.
2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഡയറക്ടറുടെ 20.12.2023-ലെ KSSM/1692/2022-P2 (Part 1) നമ്പർ കത്ത്.
3. കേരള സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 06.02.2024-ലെ എസ്.പി.ബി/2312/2012-അഗ്രി നമ്പർ കത്ത്.
4. 19.02.2024-ലെ PLGEA-A2/103/2023-PLGEA നമ്പർ സർക്കാർ കത്ത്.
5. 23.02.2024 ന് ചേർന്ന കാസറഗോഡ്, വയനാട് പാക്കേജുകളുമായി ബന്ധപ്പെട്ട സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.
6. കാസർഗോഡ് ജില്ലാ കളക്ടറുടെ 04.03.2024-ലെ DCKSGD/1415/2023-PAM/KDP നമ്പർ കത്ത്.

ഉത്തരവ്

കാസർഗോഡ് ജില്ലയിലെ ആരോഗ്യപരിപാലന രംഗത്ത് ഡോക്ടർമാരുൾപ്പെടെയുള്ള സാങ്കേതിക ജീവനക്കാരുടെ ദൗർലഭ്യവും അഭാവവും കണക്കിലെടുത്ത് ലഭ്യമായിരുന്ന ഫിസിക്കൽ ഇൻഫ്രസ്ട്രക്ച്ചർ പാഴാക്കാതിരിക്കുന്നതിനായി One Time Measure എന്ന നിലയിൽ 2 വർഷത്തേയ്ക്ക് 'Health Facilities in Kasargode' എന്ന പ്രോജക്റ്റിനായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു.

2. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യ സുരക്ഷാ മിഷൻ വഴി താൽക്കാലിക അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2023-24 സാമ്പത്തികവർഷം 2023 ജൂൺ മുതലുള്ള 10 മാസത്തെ വേതനം നൽകാനുണ്ടെന്നും ആയതിലേയ്ക്കായി 28,52,800/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) കാസർഗോഡ് വികസന പാക്കേജിന്റെ 2551-60-101-97 (പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്ന് കേരള

സാമൂഹ്യ സുരക്ഷ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം (2) ലെ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. പരാമർശം (1) ൽ അനുവദിച്ചിട്ടുള്ള തുകയിൽ, മിച്ചമുള്ള തുകയിൽ നിന്ന് സാമൂഹ്യ സുരക്ഷാ മിഷൻ വഴി താൽക്കാലിക അടിസ്ഥാനത്തിൽ നിയമിതരായ 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് 2023 ജൂൺ മുതലുള്ള 10 മാസത്തെ വേതന തുകയായ 28,52,800/- രൂപ നൽകുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് പരാമർശം (4) പ്രകാരം നിർദ്ദേശം നൽകുകയും, ടി നടപടി 23/02/2024-ന ചേർന്ന കാസർഗോഡ്, വയനാട് പാക്കേജുകളുമായി ബന്ധപ്പെട്ട സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിൽ വച്ച് പ്രസ്തുത നടപടി സാധൂകരിക്കുവാൻ തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

4. സാമൂഹ്യ സുരക്ഷാ മിഷൻ വഴി താൽക്കാലിക അടിസ്ഥാനത്തിൽ നിയമിതരായ 16 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം നടത്തിയത് സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായതിനാലും പ്രസ്തുത നിയമനം ആരോഗ്യ വകുപ്പിന്റെ അനുമതിയോടുകൂടിയല്ലാത്തതിനാലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ വേതനം അടക്കമുള്ള തുടർനടപടികൾ സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കേണ്ടതിനാലും കാസർഗോഡ് ഹെൽത്ത് പാക്കേജ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് വേതനം നൽകുന്നതിന് പ്രത്യേകം ഉത്തരവ് നൽകുകയോ നിർദേശം നൽകുകയോ ചെയ്യണമെന്ന് പരാമർശം (6) പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് പാക്കേജ് എന്നത് കാസർഗോഡ് ജില്ലയുടെ അടിസ്ഥാന വികസനത്തിനുള്ള പദ്ധതി ആയതിനാൽ ടി പദ്ധതി തുകയിൽ നിന്നും സാമൂഹ്യസുരക്ഷാ മിഷൻ മുഖേന താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ച ആരോഗ്യ പ്രവർത്തകരുടെ ശമ്പളം നൽകുന്നത് പ്രസ്തുത പദ്ധതി ലക്ഷ്യങ്ങൾക്ക് പൂരകമല്ല എന്നും ആയതിനാൽ ഭാവിയിൽ ഇത്തരം ചെലവുകൾക്ക് കാസർഗോഡ് പാക്കേജിന് അനുവദിച്ചിട്ടുള്ള തുക ഉപയോഗിക്കാൻ പാടില്ല എന്ന ഉപാധിയോടെ, കഴിഞ്ഞ സാമ്പത്തിക വർഷം ടി തുക കാസർഗോഡ് പാക്കേജിൽ നിന്നും അനുവദിക്കാൻ അനുമതി നൽകിയിരുന്നു എന്ന വസ്തുത കണക്കിലെടുത്ത് ഇപ്പോൾ കുടിശ്ശിക ആയിട്ടുള്ള 10 മാസത്തെ വേതനം നൽകുന്നതിനുള്ള 28,52,800/- രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) കാസർഗോഡ് വികസന പാക്കേജിന്റെ 2551-60-101-97 (പി) ശീർഷകത്തിലെ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും 'Health Facilities in Kasaragod' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന അനുവദിക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYAMOHAN
സ്പെഷ്യൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ് I/ ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
ചീഫ്, കൃഷി വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, കാസർഗോഡ് വികസന പാക്കേജ്.
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്.
ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ്.
ധനകാര്യ വകുപ്പ് (WW-WW4/86/2022-FIN (E 2132884), തീയതി 07.08.2024 പ്രകാരം).
ആരോഗ്യ വകുപ്പ് ( 2756619(HFW-N1/63/2021-Health, തീയതി 15.06.2024 പ്രകാരം).
ആസൂത്രണ സാമ്പത്തികകാര്യ (എ1) വകുപ്പ്.
സാമൂഹ്യനീതി വകുപ്പ്.
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ സഞ്ചയം / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 02-09-2024 14:23:47
സെക്ഷൻ ഓഫീസർ